## തിരുവനന്തപുരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്.

പുറപ്പെടുവിക്കുന്നത് : കെ.ജെ.വറുഗ്ഗീസ് ഐ എഫ് എസ്

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - വനംവകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ 01.06.2015 തീയതി പ്രാബല്യത്തിലുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.കെ.എസ്.മഞ്ജുള, ശ്രീമതി.പി.പ്രസീദാ മേനോൻ എന്നീ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ പേര് ഉൾപ്പെടുത്തിക്കൊണ്ടുള്ള താത്ക്കാലിക തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 30.07.2015-ലെ ഇ2-18385/2015 നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 12.11.2015-ലെ ഇ2-49357/2015 നമ്പർ ഉത്തരവ്.
3. സർക്കാർ ഉത്തരവ് (സാധാ)നം.492/2015/വനം തീയതി 13.11.2015.
4. സർക്കാർ ഉത്തരവ് (പി)നം.05/2013/P&ARD തീയതി 06.02.2013.
5. സർക്കാർ ഉത്തരവ് (പി)20/2014/P&ARD തീയതി 10.07.2014.
6. ശ്രീമതി.കെ.എസ്.മഞ്ജുളയുടെ 06.01.2016-ലെ അപേക്ഷ.
7. ശ്രീമതി.പി.പ്രസീദ മേനോന്റെ 08.01.2016-ലെ അപേക്ഷ.

### ഉത്തരവ് നമ്പർ ഇ2-18385/2015 തീയതി: 12.05.2016

കേരള വനം വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ 01.06.2015 തീയതി പ്രാബല്യത്തിലുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (1) ഉത്തരവു പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ 26.03.2009-ലെ **PII(3)3193/04-9** നമ്പർ നിയമന ശുപാർശ പ്രകാരം തിരുവനന്തപുരം യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമിതയായ ശ്രീമതി.കെ.എസ്. മഞ്ജുളയ്ക്ക് വനം വകുപ്പിൽ പാലക്കാട് ജില്ലയിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഈസ്റ്റേൺ സർക്കിൾ)ഓഫീസിലേയ്ക്ക് അന്തർ വകുപ്പു സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിരുന്നു. തൃശ്ശൂർ ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ 18.02.2012-ലെ **RI(3)1492/04** നമ്പർ നിയമന ശുപാർശ പ്രകാരം ഭവന നിർമ്മാണ വകുപ്പിൽ ആസ്ഥാന ഒഴിവിൽ ഹൗസിംഗ് കമ്മീഷണറുടെ ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ആയി ജോലി ചെയ്തിരുന്ന ശ്രീമതി.പി.പ്രസീദ മേനോന് വനം വകുപ്പിൽ തൃശ്ശൂർ (സെൻട്രൽ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലേയ്ക്ക് അന്തർവകുപ്പു സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് സൂചന (3) പ്രകാരം ഉത്തരവായിരുന്നു. ടി രണ്ട് ഉദ്യോഗസ്ഥരും 01.12.2015-ന് രാവിലെ

വനംവകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. മേൽ പറഞ്ഞ രണ്ടു പേരും തങ്ങളുടെ ആദ്യ വകുപ്പിന് നിയമന ജില്ലയിൽ ഓഫീസുകളോ തസ്തികകളോ ഇല്ലാത്തതിനാൽ സൂചന (4) ഉത്തരവിലെ ഖണ്ഡിക 3 (VIII)ലെ വ്യവസ്ഥ പ്രകാരം വനംവകുപ്പിലേയ്ക്ക് അന്തർ വകുപ്പു സ്ഥലം മാറ്റം അനുവദിക്കപ്പെട്ടവരാണ്.

ശ്രീമതി.കെ.എസ്.മഞ്ജുള, ശ്രീമതി.പി.പ്രസീദമേനോൻ എന്നിവർ സൂചന (6) (7) എന്നിവ പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തങ്ങളുടെ മാതൃ വകുപ്പിലെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശയുടെ തീയതി, അടിസ്ഥാനത്തിലുള്ള സീനിയോറിറ്റി വനംവകുപ്പിൽ സ്ഥാപിച്ചു കിട്ടണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

സൂചന (4) ഉത്തരവിലെ ഖണ്ഡിക 3 (viii)ലെ വ്യവസ്ഥ പ്രകാരം അന്തർവകുപ്പു സ്ഥലംമാറ്റം അനുവദിച്ചവർക്ക് തങ്ങളുടെ ആദ്യ വകുപ്പിലെ ആദ്യ നിയമന ശുപാർശ തീയതിയുടെ അടിസ്ഥാനത്തിൽ പുതിയ വകുപ്പിൽ സീനിയോറിറ്റിക്ക് അർഹതയുള്ളായി സൂചന (5) ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണലിൽ നിന്നും അന്തർവകുപ്പു സ്ഥലംമാറ്റം മുഖേന വനം വകുപ്പിൽ പാലക്കാട് (ഈസ്റ്റേൺ സർക്കിൾ)ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.കെ.എസ്. മഞ്ജുളയുടെ സ്ഥാനം 01.06.2015 തീയതി പ്രാബല്യത്തിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ വിഭാഗത്തിൽ ക്രമ നമ്പർ (6) ശ്രീമതി.കാന്തി സുബ്രഹ്മണ്യം, ക്രമ നമ്പർ (7) ശ്രീമതി.എസ്.ഒ.രമ എന്നിവർക്കിടയിലായി 6(A) ആയി സ്ഥാനം നിശ്ചയിച്ചുകൊണ്ടും, സംസ്ഥാന ഭവന നിർമ്മാണ വകുപ്പിൽ നിന്നും അന്തർവകുപ്പു സ്ഥലംമാറ്റം നേടി തൃശ്ശൂർ (സെൻട്രൽ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ജോലിയിൽ പ്രവേശിച്ച ശ്രീമതി.പി.പ്രസീദാ മേനോന്റെ. സ്ഥാനം ടി അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 1-ാം ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ വിഭാഗത്തിൽ ക്രമ നമ്പർ (6) ശ്രീമതി.വി.ബിന്ദുവിനും ക്രമ നമ്പർ (7) ശ്രീമതി.മേരി ആശയ്ക്കും മദ്ധ്യേ 6 (A) ആയി നിശ്ചയിച്ചുകൊണ്ട് തങ്ങളുടെ ആദ്യ വകുപ്പിലെ ആദ്യ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആദ്യ നിയമന ശുപാർശ തീയതിയുടെ അടിസ്ഥാനത്തിൽ വനംവകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ 01.06.2015 തീയതി പ്രാബല്യത്തിലുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തുവാൻ താൽക്കാലികമായി തീരുമാനിക്കുന്നു.

| പേര് | ജനന തീയതി | ആദ്യ നിയമന ശുപാർശ തീയതി | നിലവിലെ സ്ഥാനം | പുനഃക്രമീകരിച്ച സ്ഥാനം | ഓഫീസ്/ റിമാർക്ക്സ് |
|---|---|---|---|---|---|
| കെ.എസ്. മഞ്ജുള | **22.05.1976** | **PII(3)3193/04-09 dtd 26.03.2009 of KPSC, Palakkad** | ഇല്ല | **6(A)** സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗത്തിൽ ക്രമ നമ്പർ 6 ശ്രീമതി.കാന്തി സുബ്രഹ്മണ്യത്തിനും ക്രമ നമ്പർ 7 ശ്രീമതി. എസ്.ഒ.രമയ്ക്കും മദ്ധ്യേ | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാട് |
| പി.പ്രസീദാ മേനോൻ | **21.07.1984** | **RI(3)1492/04 dated 18.02.2012 KPSC, Thrissur** | ഇല്ല | **6(A)** 1-ാം ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗത്തിൽ ക്രമ നമ്പർ 6 ശ്രീമതി. വി.ബിന്ദുവിനും ക്രമ നമ്പർ (7) ശ്രീമതി.മേരി ആശയ്ക്കും മദ്ധ്യേ | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ) തൃശ്ശൂർ |

മേൽ തീരുമാനത്തിനെതിരെ ആക്ഷേപമോ/പരാതികളോ ഉള്ളവർ ഈ ഉത്തരവ് വനം വകുപ്പിന്റെ ഔദ്യോഗിക വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ആയത് രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

കെ.ജെ.വറുഗ്ഗീസ്
**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)**

<u>പകർപ്പ്:</u>

1. ശ്രീമതി.കെ.എസ്.മഞ്ജുള, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II-ന്- ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാട് മുഖേന
2. ശ്രീമതി.പി.പ്രസീദാ മേനോൻ- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II-ന്- ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ) തൃശ്ശൂർ മുഖേന
3. എല്ലാ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർക്കും മേലധികാരി മുഖേന
4. വനം വകുപ്പിന്റെ വെബ്ബ് സൈറ്റിലേയ്ക്ക്
5. ഫയൽ /സ്റ്റോക്ക് ഫയൽ